

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 4. തത്വചിന്തയുടെ ആരംഭം

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


4 തത്വചിന്തയുടെ ആരംഭം . . . . . . . . . . . . . . . . . 1

1 ദൈവങ്ങളിൽ നിന്ന് ദൈവത്തിലേക്ക് 3

2 പുരോഹിതന്മാരുടെ പ്രാബല്യം . . . . 4

3 വിശ്വാസത്തിൽ നിന്നു വിചാരത്തിലേക്ക് 5

4 അസതോ മാ സദ്ഗമയാ! . . . . . . 6

5 ഉപനിഷത്തുക്കളുടെ പ്രാധാന്യം . . . 7

6 ഒരേ ചോദ്യത്തിന് രണ്ടു മറുപടികൾ . 8

7 പ്രപഞ്ചത്തിന്റെ ഉല്പത്തി . . . . . . . 9

8 ആത്മാവ് എന്നാൽ . . . . . . . . . 10

9 അഹം ബ്രഹ്മാസ്മി . . . . . . . . . . 11

10 ജീവിതത്തോടുള്ള അഭിനിവേശം . . . 12

# 4

# തത്വചിന്തയുടെ ആരംഭം

ആര്യന്മാരും അനാര്യന്മാരും തമ്മിൽ സംഘട്ടനങ്ങളുണ്ടായപ്പോൾ ആര്യന്മാരുടെ ദൈവങ്ങളും അനാര്യന്മാരുടെ ദൈവങ്ങളും തമ്മിലും സംഘട്ടനങ്ങളുണ്ടായി. ഇരുകൂട്ടരും തമ്മിൽ സന്ധിയും രഞ്ജിപ്പുമുണ്ടായപ്പോൾ അവരുടെ ദൈവങ്ങൾ തമ്മിലും രഞ്ജിപ്പുണ്ടായി. രണ്ടു കൂട്ടരും ഭൗതികജീവിതത്തിൽ വിജയം നേടാൻ വേണ്ടിയാണ് ദൈവങ്ങളെ ആശ്രയിച്ചത്.

# 1 ദൈവങ്ങളിൽ നിന്ന് ദൈവത്തിലേക്ക്

വേദങ്ങളിൽ ദേവന്മാർക്കാണ് പ്രാധാന്യം; ദേവികൾക്കല്ല. ഇന്ദ്രൻ, മിത്രൻ, വരുണൻ, സൂര്യൻ, പ്രജാപതി മുതലായ പുരുഷദൈവങ്ങളാണ് പൂജിക്കപ്പെട്ടുപോന്നത്. പിന്നീട്, കാലക്രമത്തിൽ ഭഗവതി, ദുർഗ്ഗ, കാളി, സരസ്വതി, ലക്ഷ്മി മുതലായ അമ്മദൈവങ്ങൾക്കും സ്ഥാനം ലഭിച്ചു. ഇന്ത്യയിലെ ആദിമനിവാസികൾക്കിടയിൽ നിലനിന്നിരുന്ന ഈ അമ്മ ദൈവങ്ങൾക്ക് പ്രാമാണ്യം ലഭിച്ചത് ആര്യന്മാരും അനാര്യന്മാരും തമ്മിലുള്ള ബന്ധങ്ങൾ വളർന്നതിന്റെ ഫലമായിട്ടാണ്.

ആദ്യകാലത്തെ ആര്യന്മാർക്ക് അനേകം ദൈവങ്ങളുണ്ടായിരുന്നു. ക്രമത്തിൽ ഈ സ്ഥിതിക്കൊരു മാറ്റം വരുകയും ഏകദൈവവിശ്വാസം പരന്നുപിടിക്കാൻ തുടങ്ങുകയും ചെയ്തു. ഗോത്രങ്ങളുടെയും ഗണങ്ങളുടെയും അടിസ്ഥാനത്തിലുള്ള പ്രാകൃതകമ്യൂണിസ്റ്റ വ്യവസ്ഥയുടെ സ്ഥാനത്ത് നിശ്ചിതാതിർത്തികളോടുകൂടിയ ഭൂപ്രദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള സാമൂഹ്യവ്യവസ്ഥ ആവിർഭവിക്കുകയും വിഭിന്നങ്ങളായ ഗണങ്ങൾക്കു ദേശീയാടിസ്ഥാനത്തിലുള്ള ഒരുതരം ഐക്യം കൈവരികയും ചെയ്തതിന്റെ ഫലമായിരുന്നു അത്. ശതപഥബ്രാഹ്മണം തുറന്നുപറയുന്നതുപോലെ, ‘മനുഷ്യരുടെ പ്രവർത്തനരീതി എങ്ങനെയോ അങ്ങനെ തന്നെയാണ് ദൈവങ്ങളും പ്രവർത്തിച്ചത്.’

കേന്ദ്രീകൃതങ്ങളായ ഭരണകൂടങ്ങൾ ഉയർന്നുവന്നതോടുകൂടി കേന്ദ്രീകൃതമായ ദൈവശക്തിയും ആവശ്യമായിത്തീർന്നു. ഭൂമിയിലെ ഏകച്ഛത്രാധിപതിക്കു സമാനനായി സ്വർഗ്ഗത്തിലും ഒരു ഏകഛത്രാധിപതിയുണ്ടെന്നു വിശ്വസിക്കപ്പെട്ടു. അങ്ങനെയാണ് ബഹുദൈവവിശ്വാസത്തിന്റെ സ്ഥാനത്ത് ഏകദൈവവിശ്വാസം ഉരുപ്പിടിച്ചത്. ഋഗ്വേദത്തിന്റെ അവസാനഘട്ടത്തിൽ തന്നെ ഈ മാറ്റങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരുന്നു. അഗ്നി, യമൻ, സൂര്യൻ മുതലായ വിഭിന്ന ദൈവങ്ങളെല്ലാം യഥാർത്ഥത്തിൽ ഒരേ ദൈവം തന്നെയാണെന്ന വിശ്വാസം ആവിർഭവിക്കാൻ തുടങ്ങിയിരുന്നു. ‘ഏകം സദ്വിപ്രാ ബഹുധാ വദന്തി അഗ്നിം യമം മാതരി ശ്വാനമാഹുഃ’ എന്നും മറ്റുമുള്ള ഋഗ്വേദമന്ത്രങ്ങൾ ഇതിനു തെളിവാണ്.

ഉപനിഷത്തുക്കളുടെ കാലമായപ്പോഴേക്കും വൈദികകാലഘട്ടത്തിലെ ദൈവങ്ങളുടെ സ്ഥിതി തികച്ചും ദയനീയമായിത്തീർന്നു. ചില ദൈവങ്ങൾ എന്നന്നേക്കുമായി അന്തർദ്ധാനം ചെയ്തു. മറ്റു ചിലവ പേരിനു പിന്നെയും നിലനിന്നുവെങ്കിലും, യാതൊരു ദിവ്യശക്തിയുമില്ലാത്തവയായി അധഃപതിച്ചു. പ്രാകൃതങ്ങളായ പ്രകൃതിദൈവങ്ങൾ പുതിയ ദൈവങ്ങൾക്കു വഴിമാറിക്കൊടുത്തു. ദേവേന്ദ്രനുണ്ടായ പരിവർത്തനം ഈ മാറ്റത്തെയാണ് കുറിക്കുന്നത്. ആദ്യകാലത്ത് ഇന്ദ്രൻ ഇടിയുടെയും മിന്നലിന്റെയും ദൈവമായിരുന്നു; എല്ലാ ഭൗതിക ശത്രുക്കളുടെയും കോട്ടകൾ ഇടിച്ചുതകർത്ത പുരന്ദരനായിരുന്നു; മഴപെയ്യിക്കാനും കന്നുകാലികളെ കാത്തുരക്ഷിക്കാനും കൃഷി നന്നാക്കാനുമുള്ള അധികാരം ആ ദൈവത്തിന്റെ കുത്തകയായിരുന്നു. എന്നാൽ ക്രമത്തിലദ്ദേഹം പടയാളികളായ ക്ഷത്രിയന്മാരുടെ ദൈവമായി മാറി. രാജാക്കന്മാർ ദേവേന്ദ്രന്റെ പിൻഗാമികളാണെന്ന് കരുതപ്പെടാൻ തുടങ്ങി. അതുകൊണ്ടുമായില്ല; ഒടുവിൽ മറ്റുപല ദൈവങ്ങളോടുമൊപ്പം ദേവേന്ദ്രനും സർവ്വശക്തനായ ഏകദൈവത്തിന്റെ വെറുമൊരു ദിക്പാലകനായി തരംതാഴ്ത്തപ്പെട്ടു.

ബൃഹദാരണ്യകോപനിഷത്തിൽ, ആകെ എത്ര ദൈവങ്ങളുണ്ടെന്ന ചോദ്യത്തിന് യാജ്ഞവൽക്യൻ മറുപടി പറയുന്നുണ്ട്. മുപ്പത്തിമൂന്ന് ദൈവങ്ങളുണ്ടെന്ന വാദത്തെ ഖണ്ഡിച്ചുകൊണ്ട് ബ്രഹ്മം എന്ന ഒരു ദൈവം മാത്രമേയുള്ളുവെന്നു തീർത്തുപറയുകയാണദ്ദേഹം ചെയ്യുന്നത്. മറ്റു ദൈവങ്ങളെല്ലാം ഒന്നുകിൽ ബ്രഹ്മത്തിന്റെ പ്രതിഫലനങ്ങൾ മാത്രമാണ്; അല്ലെങ്കിൽ ബ്രഹ്മത്തെ ആശ്രയിച്ചു നിൽക്കുന്ന ഉപഗ്രഹങ്ങളാണ്. ബ്രഹ്മത്തിന്റെ സഹായമില്ലാതെ അഗ്നി, വായു, ഇന്ദ്രൻ മുതലായ ദൈവങ്ങൾക്ക് ഒരു പുൽക്കൊടിയെപ്പോലും ചലിപ്പിക്കാനാവില്ലെന്ന് കേനോപനിഷത്ത് ഉറപ്പിച്ചുപറയുന്നു. ബ്രഹ്മത്തെ ഭയപ്പെടുന്നതുകൊണ്ടാണ് സൂര്യനും മറ്റു ദൈവങ്ങളും തങ്ങളുടെ കടമകൾ നിർവഹിക്കുന്നത് എന്ന് മറ്റൊരിടത്ത് പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

## 2 പുരോഹിതന്മാരുടെ പ്രാബല്യം

ദൈവങ്ങളെപ്പറ്റിയുള്ള ധാരണകളിൽ മാത്രമല്ല, അവയെ ആരാധിക്കുന്ന സമ്പ്രദായങ്ങളിലും വ്യത്യാസങ്ങളുണ്ടായി. അനാഡംബരങ്ങളും നിഷ്കളങ്കങ്ങളുമായ സ്തോത്രങ്ങളുടെയും പ്രാർത്ഥനകളുടെയും പ്രകൃതിവർണ്ണനകളുടെയും സ്ഥാനത്ത് ആഡംബരപൂർണങ്ങളായ യാഗയജ്ഞാദികൾ സ്ഥലം പിടിച്ചു.

ഒരു സവിശേഷരീതിയിൽ സ്തോത്രമന്ത്രങ്ങളുച്ചരിച്ചുകൊണ്ട് ഹോമം, ബലി മുതലായ നിശ്ചിത ചടങ്ങുകളോടു കൂടി നടത്തപ്പെടുന്ന യാഗങ്ങൾക്ക് ദൈവങ്ങളേക്കാൾ ശക്തിയുണ്ടെന്ന വിശ്വസിക്കപ്പെട്ടു. എന്തെന്നാൽ ദൈവങ്ങൾ ഇഷ്ടപ്പെട്ടാലുമില്ലെങ്കിലും തെറ്റുകൂടാതെ യാഗം നടത്തുന്നവന് ഉദ്ദിഷ്ടകാര്യങ്ങൾ സാധിക്കാതിരിക്കില്ല. ഇങ്ങനെ മെല്ലെമെല്ലെ സാമൂഹികജീവിതത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇഴുകിപ്പിടിക്കാൻ തുടങ്ങി. യാഗങ്ങൾ നടത്താൻ വേണ്ടി മന്ത്രങ്ങൾ ശരിക്കുച്ചരിക്കാനും ചടങ്ങുകൾ തെറ്റുകൂടാതെ നടത്താനുമറിയാവുന്ന പുരോഹിതന്മാരെ ക്ഷണിച്ചുവരുത്തും. അംഗിരസ്സ്, വിശ്വാമിത്രൻ, ഭരദ്വാജൻ, കണ്വൻ, വസിഷ്ഠൻ മുതലായ മഹർഷിമാർ ഇത്തരത്തിലുള്ള പുരോഹിതന്മാരായിരുന്നു. യാഗങ്ങളിൽ നിന്നുള്ള സമ്പാദ്യങ്ങൾ ഈ പുരോഹിതന്മാരെയും വലിയ സ്വത്തുടമസ്ഥരാക്കിമാറ്റി.

അക്കാലത്തു പുസ്തകങ്ങളുണ്ടായിരുന്നില്ല. മന്ത്രങ്ങളും സ്തോത്രങ്ങളുമെല്ലാം കാണാപ്പാഠം പഠിച്ച് ഹൃദിസ്ഥമാക്കുകയായിരുന്നു പതിവ്. യാഗാവശ്യങ്ങൾക്കുവേണ്ടി പുരോഹിതന്മാർ അവയെ ശേഖരിച്ച കണ്ഠസ്ഥമാക്കുകയും തങ്ങളുടെ അനന്തരാവകാശികളായ പുതിയ തലമുറക്കാർക്കു പഠിപ്പിച്ചു കൊടുക്കുകയും ചെയ്തുപോന്നു. ഇങ്ങനെ തലമുറ തലമുറയായി പ്രചരിച്ച മന്ത്രങ്ങളുടെ ക്രോഡീകരണത്തിനാണ് വേദങ്ങൾ എന്നു പറയുന്നത്.

അപ്പോൾ, വേദങ്ങൾക്ക് രണ്ടു ഘട്ടങ്ങളുണ്ട്: ഒന്നാമത്തെ ഘട്ടത്തിൽ അവ രചിക്കപ്പെട്ടു. രണ്ടാമത്തെ ഘട്ടത്തിൽ അവ ശേഖരിക്കപ്പെടുകയും സംഗ്രഹിക്കപ്പെടുകയും ചെയ്തു. മന്ത്രസമുച്ചയങ്ങളുടെ ഈ സംഗ്രഹങ്ങൾക്ക് സംഹിതകൾ എന്നുപറയുന്നു.

ഋഗ്വേദം, സാമവേദം, യജുർവേദം, അഥർവവേദം എന്നിങ്ങനെ നാലു വേദങ്ങളുണ്ട്. ഓരോ വേദത്തിനും വേറെ വേറെ സംഹിതയുമുണ്ട്. ഓരോ സംഹിതയ്ക്കും അനേകം ബ്രാഹ്മണങ്ങളും ബ്രാഹ്മണങ്ങളുടെ അവസാനത്തിൽ ആരണ്യകങ്ങളുമുണ്ട്. മന്ത്രങ്ങളുടെ വ്യാഖ്യാനങ്ങളും യജ്ഞങ്ങൾക്കാവശ്യമായ ചടങ്ങുകളുടെയും വിധിനിയമങ്ങളുടെയും മറ്റും വിവരണങ്ങളുമാണ് ബ്രാഹ്മണങ്ങളിലടങ്ങിയിട്ടുള്ളത്. ഈ ബ്രാഹ്മണങ്ങളുടെ സഹായത്തോടുകൂടിയാണ് പുരോഹിതന്മാർ ക്രി. മു. 8—ാം നൂറ്റാണ്ടിനും 5-ാം നൂറ്റാണ്ടിനുമിടയ്ക്ക് ആര്യന്മാരുടെ പ്രാകൃതമായ പ്രകൃതിപൂജയെ യാഗങ്ങളുടെ കൃത്രിമവും അന്ധവിശ്വാസജടിലവുമായ ഒരു പുതിയ വ്യവസ്ഥയാക്കി മാറ്റുകയും അതുവഴി സാധാരണജനങ്ങളുടെ മാനസികമണ്ഡലങ്ങളിൽ സ്വാധീനം ചെലുത്തിക്കൊണ്ട് സ്വന്തം പ്രതാപവും പ്രമാണിത്വവുമുറപ്പിക്കുകയും ചെയ്തത്. ഇങ്ങനെ മെല്ലെമെല്ലെ ബ്രാഹ്മണപുരോഹിതന്മാർ ദൈവങ്ങളുടെ പ്രതിനിധികളായി മാറി. ശതപഥബ്രാഹ്മണത്തിൽ ഇങ്ങനെ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

'യഥാർത്ഥത്തിൽ രണ്ടുതരത്തിലുള്ള ദൈവങ്ങളുണ്ട്. ദൈവങ്ങൾ ദൈവങ്ങൾ തന്നെ. പവിത്രങ്ങളായ മന്ത്രങ്ങൾ പഠിച്ചവരും പഠിപ്പിക്കുന്നവരുമായ ബ്രാഹ്മണരാകട്ടെ, മനുഷ്യരൂപത്തിലുള്ള ദൈവങ്ങളാണ്. യാഗങ്ങൾ രണ്ടുതരത്തിലുണ്ട്; ഹോമാദിച്ചടങ്ങുകൾ ദൈവങ്ങൾക്കുള്ള യജ്ഞമാണ്. മനുഷ്യദൈവങ്ങൾക്കുവേണ്ടി ചെയ്യപ്പെടുന്ന യാഗമാണ് വഴിപാടുകളും ദാനങ്ങളും.

വയസ്സായാൽപ്പിന്നെ പുരോഹിതന്മാരിൽ ചിലർ തപോവനങ്ങളിലിരുന്ന് ചിന്തിക്കുകയും ധ്യാനിക്കുകയും ശിഷ്യന്മാർക്കു വേദമന്ത്രങ്ങളും മറ്റും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുക പതിവായിരുന്നു. അവരുടെ ഉപയോഗത്തിനുവേണ്ടി സംഗ്രഹിക്കപ്പെട്ട മന്ത്രങ്ങളും അവയുടെ വ്യാഖ്യാനങ്ങളും യാഗങ്ങളുടെ പ്രാധാന്യത്തെപ്പറ്റിയുള്ള വിവരണങ്ങളുമാണ് ആരണ്യകങ്ങളിൽ അടങ്ങിയിട്ടുള്ളത്. ആരണ്യകങ്ങളുടെ അവസാനത്തിൽ ഉപനിഷത്തുക്കളാവിർഭവിക്കുന്നു. മിക്കവാറും എല്ലാ ആരണ്യകങ്ങളുടെയും അവസാനത്തിൽ ഉപനിഷത്തുക്കളുണ്ട്. ഉദാഹരണത്തിന്, ഐതരേയോപനിഷത്ത് ഐതരേയാരണ്യകത്തിന്റെയും തൈത്തരീയോപനിഷത്ത് തൈത്തരീയാരണ്യകത്തിന്റെയും അവസാനഭാഗങ്ങളാണ്.

## 3 വിശ്വാസത്തിൽ നിന്നു വിചാരത്തിലേക്ക്

ഒട്ടാകെ ഇരുനൂറിലധികം ഉപനിഷത്തുക്കളുണ്ടെന്നു പറയപ്പെടുന്നു. ബോംബെയിലെ നിർണയസാഗർ പ്രസ്സുകാർ 112 എണ്ണം അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്. എന്നാൽ അവയിൽ ഈശം, ഛാന്ദോഗ്യം, ബൃഹദാരണ്യകം, ഐതരേയം, തൈത്തരീയം, പ്രശ്നം, കേനം, കഠം, മുണ്ഡകം, മാണ്ഡൂക്യം, കൗശീതകി, മൈത്രി, ശ്വേതാശ്വതരം എന്നീ പതിമൂന്ന് ഉപനിഷത്തുക്കളാണ് പ്രാധാന്യമർഹിക്കുന്നവ. ഇവയെല്ലാം ഒരേകാലത്തു രചിക്കപ്പെട്ടവയല്ല. ഈശം, ഛാന്ദോഗ്യം, ബൃഹദാരണ്യകം എന്നിവ ക്രിസ്ത്വബ്ദത്തിന് മുമ്പ് എഴുനൂറാമാണ്ടിനോടടുത്താണ് വിരചിക്കപ്പെട്ടതെങ്കിൽ ശ്വേതാശ്വതരം, മൈത്രി, കൗശീതകി, എന്നിവ ക്രി. മു. 200നും 100നും ഇടയിൽ രചിക്കപ്പെട്ടവയാണ്. മറ്റുള്ളവയെല്ലാം ക്രി.മു. 700നും 100നും ഇടയിൽ ഉണ്ടായവയാണെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരേ ഉപനിഷത്തിലെ വ്യത്യസ്തഖണ്ഡങ്ങൾ പോലും വ്യത്യസ്തകാലങ്ങളിലായി വ്യത്യസ്ത ചിന്തകന്മാരാൽ രചിക്കപ്പെട്ടവയാണ്. അതുകൊണ്ട് അവയിൽ വ്യത്യസ്തങ്ങളും ചിലപ്പോൾ പരസ്പരവിരുദ്ധങ്ങളുമായ ആശയങ്ങൾ അടങ്ങിയിട്ടുണ്ടെന്നു കാണാം.

സാമ്പത്തികമായ വലിയൊരു മുന്നേറ്റത്തിന്റെ കാലഘട്ടമായിരുന്നു അത്. അടിമവേലയുടെ അടിത്തറയിൽ സാമൂഹ്യോല്പാദനശക്തികൾ അതിവേഗം വളരാൻ തുടങ്ങിയിരുന്നു. കൃഷി അഭിവൃദ്ധിപ്പെട്ടു. തോൽപ്പണി, മരപ്പണി, ലോഹപ്പണി മുതലായ പലതരം കൈത്തൊഴിലുകളും പുഷ്ടിപ്പെട്ടു. കുലങ്ങളുടെയും ഗണങ്ങളുടെയും അതിർത്തിവരമ്പുകളെ അതിലംഘിച്ചുകൊണ്ട് കൊള്ളക്കൊടുക്കുകൾ പരന്നുപിടിച്ചു. വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിലും വ്യത്യസ്ത പ്രദേശങ്ങൾ തമ്മിലും പുതിയ ബന്ധങ്ങളാവിർഭവിച്ചു.

സാമ്പത്തികമായ ഈ പുരോഗതി ബുദ്ധിപരവും സാംസ്കാരികവുമായ പുതിയൊരുദ്ബുദ്ധതയ്ക്കു പ്രചോദനം നൽകി. സത്യാന്വേഷിയായ മനുഷ്യന് യാഗങ്ങളേയും ബലികളേയും അടിസ്ഥാനപ്പെടുത്തിയ ബ്രാഹ്മണത്വം കൊണ്ടു മാത്രം തൃപ്തിപ്പെടാൻ കഴിവില്ലെന്നായി. വിശ്വാസം വിചാരത്തിനു വഴിമാറിക്കൊടുത്തു. കായികാദ്ധ്വാനത്തിന് അടിമകളെ ഉപയോഗിക്കാമെന്നായപ്പോൾ ന്യൂനപക്ഷക്കാരായ ഉയർന്ന വർഗ്ഗക്കാർക്ക് താത്വികവും മാനസികവുമായ പ്രവർത്തനങ്ങളിൽ മുഴുകാമെന്നായി. യാദൃശ്ചികമെന്നോണം പ്രത്യക്ഷപ്പെടുന്ന സംഭവപരമ്പരകളുടെ അർത്ഥത്തെക്കുറിച്ചും പ്രകൃതിയുടെ രഹസ്യങ്ങളെക്കുറിച്ചും ജീവിതത്തിന്റെ നിഗൂഢതകളെക്കുറിച്ചും ആരാഞ്ഞറിയുവാൻ അവർക്ക് സൗകര്യവും അവസരവും ലഭിച്ചു. എല്ലാറ്റിനും പുരോഹിതന്മാരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന യജ്ഞങ്ങൾക്കുപോലും ഒരർത്ഥം കണ്ടുപിടിക്കാൻ അവർ വെമ്പൽകൊണ്ടു. ആത്മാവ്, ഈശ്വരൻ, പ്രപഞ്ചം, മരണാനന്തരജീവിതം എല്ലാറ്റിനേപ്പറ്റിയും അവർ ചിന്തിക്കാനും ചോദ്യം ചോദിക്കാനും ഉത്തരം കണ്ടുപിടിക്കാനും ശ്രമിച്ചു.

പ്രകൃതിരഹസ്യങ്ങളെക്കുറിച്ചും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും അറിയാനും അങ്ങനെ ജീവിതത്തെ കൂടുതൽ പൂർണമാക്കാനും വേണ്ടിയുള്ള പ്രാചീനാര്യന്മാരുടെ പരിശ്രമങ്ങളുടെ പ്രാരംഭങ്ങൾ വേദങ്ങളിൽ തന്നെ കാണാം. ഉദാഹരണത്തിന്, ഋഗ്വേദത്തിലെ 'സൃഷ്ടിഗീതം' എന്ന മന്ത്രം നോക്കുക.

'അപ്പോൾ അസത്തും സത്തുമില്ലായിരുന്നു; വായുമണ്ഡലമില്ല, അതിനപ്പുറം ഗഗനവുമില്ല. എന്തൊന്നാണ്, എവിടെയാണ്, മൂടിക്കിടന്നിരുന്നത്? യാതൊന്നാണ് എല്ലാറ്റിനേയും രക്ഷിച്ചരുളിയത്? അഗാധമായ ഒരു ജലപ്പരപ്പായിരുന്നുവോ അവിടെ?

'അന്ന് മരണമോ അമരത്വമോ ഇല്ല; രാത്രിയും പകലും തമ്മിൽ വ്യത്യാസമില്ല; അതൊന്നുമാത്രം, സ്വാശ്രിതമായ ശക്തിയാൽ ശ്വസിച്ചു; അതിൽ നിന്നന്യമായി യാതൊന്നുമുണ്ടായിരുന്നില്ല.

'ആരംഭത്തിൽ എല്ലാം അന്ധകാരമയം' എല്ലാം അന്ധകാരത്തിലൊളിഞ്ഞുകിടന്ന അവ്യതിരക്തമായ അമൂർത്ത പ്രകൃതി. എല്ലാം ശൂന്യവും അരൂപവുമായിരുന്നു. ഏകമായ അതു ജനിച്ചത് ഊഷ്മാവിന്റെ മഹാശക്തി നിമിത്തമാണ്.

'അതിനുശേഷം ആദ്യമായി ഇച്ഛയുണ്ടായി. മാനസികചൈതന്യത്തിന്റെ പ്രഥമബീജമായ ഇച്ഛ. സ്വന്തം ഹൃദയാന്തർഭാഗങ്ങളിലേക്കാരാഞ്ഞു നോക്കിക്കൊണ്ട് ഋഷിമാർ സത്തിന് അസത്തിനോടുള്ള ബന്ധത്തെ കണ്ടുപിടിച്ചു.

'അവയുടെ വിഭജനരേഖ വിലങ്ങനെ വ്യാപിച്ചുകിടക്കുന്നു. അതിനു മുകളിലെന്താണ്? ചുവട്ടിലെന്താണ്? സൃഷ്ടാക്കളുണ്ടായിരുന്നു; വൻപിച്ച ശക്തികളുണ്ടായിരുന്നു. ഒരു ഭാഗത്തു സ്വതന്ത്രകർമ്മം, മറുഭാഗത്ത് ക്രിയാശക്തി.

'അതെവിടെനിന്നു ജനിച്ചു? ഈ സൃഷ്ടി എവിടെനിന്നു വരുന്നുവെന്ന് സത്യമായി ആരറിയുന്നു? ആർക്കുപറയാൻ കഴിയും? ലോകോത്പത്തിക്കു ശേഷമാണ് ദേവന്മാരുണ്ടായത്. അപ്പോൾ ആദ്യം അതെവിടെനിന്നുണ്ടായി? ആർക്കറിയാം?

'യാതൊന്നിൽനിന്നാണോ ഈ ലോകം സൃഷ്ടിക്കപ്പെട്ടത്, ആ ആദിമൂലമാണോ എല്ലാം രൂപപ്പെടുത്തിയത്? അതോ, അതല്ല രൂപപ്പെടുത്തിയത് എന്നുണ്ടോ?

'സർവ്വോന്നതമായ സ്വർഗ്ഗത്തിൽനിന്ന് ഈ ലോകത്തെ നിയന്ത്രിക്കുന്നതാരോ അവനുമാത്രമറിയാം; ഒരു പക്ഷേ അവനുപോലുമറിഞ്ഞുകൂടാ'.

# 4 അസതോ മാ സദ്ഗമയാ!

ഒരുപക്ഷേ അവനുപോലുമറിഞ്ഞുകൂടാ! പിന്നെയാർക്കാണറിയാൻ കഴിയുക? എന്തായാലും അത് അറിഞ്ഞേ മതിയാവൂ. പ്രാചീനാര്യന്മാർ പിന്നെയും ചോദ്യങ്ങൾ ചോദിക്കാനും ഉത്തരങ്ങൾ കണ്ടുപിടിക്കാനും ശ്രമിച്ചു. എന്താണീ പ്രപഞ്ചം? അതെങ്ങനെ ഉത്ഭവിച്ചു? അതിന്റെ പിന്നിലെന്താണ്? ചഞ്ചലമായ പ്രപഞ്ചത്തിന്റെ പിന്നിൽ അചഞ്ചലമായ വല്ലതുമുണ്ടോ? എല്ലാം അത്ഭുതകരമായി തോന്നുന്നു. ഒന്നുംതന്നെ സ്ഥിരമായി നിൽക്കുന്നില്ല. എല്ലാം മാറി മറിഞ്ഞുകൊണ്ടിരിക്കുന്നു. സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു. മഴ പെയ്യുന്നു, ഇടി വെട്ടുന്നു, മനുഷ്യർ ജനിക്കുകയും വളരുകയും ഒടുവിൽ മരിക്കുകയും ചെയ്യുന്നു. ഇതിനെല്ലാം പ്രത്യേകമായ വല്ല കാരണവുമുണ്ടോ? ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴുമുള്ള മനുഷ്യന്റെ സ്ഥിതി വ്യത്യസ്തമാകുന്നതെങ്ങനെ? മരിക്കാതെ കഴിക്കാൻ ക്ഷണികവും നശ്വരവുമായ ജീവിതത്തെ ശാശ്വതമാക്കി മാറ്റാൻ വല്ല നിവൃത്തിയുമുണ്ടോ? ശരീരവും ജീവനും തമ്മിലുള്ള വ്യത്യാസമെന്താണ്? മനുഷ്യൻ മരിച്ചാലും ജീവൻ നിലനിൽക്കുമോ? മനുഷ്യന്റെ ജീവനും ബാഹ്യലോകവും തമ്മിലുള്ള ബന്ധമെന്താണ്? ഇത്തരം പ്രശ്നങ്ങൾക്ക് സമാധാനം കണ്ടുപിടിക്കാനുള്ള പ്രാചീന ചിന്തകന്മാരുടെ തീവ്രാഭിലാഷത്തിൽ നിന്നാണ് ഉപനിഷത്തുക്കൾ രൂപംകൊണ്ടത്.

ഉപനിഷത്തുക്കളിലെ ഋഷിമാരുടെ ചിന്തയെ ആകർഷിച്ച ഏറ്റവും പ്രധാനമായ വസ്തുതകളിലൊന്നിതാണ്: ലോകം പരിവർത്തനാത്മകമത്രേ. മനുഷ്യനും പ്രകൃതിയും പ്രപഞ്ചവും എല്ലാ പരിവർത്തനങ്ങൾക്കു വിധേയമാണ്. എല്ലാം അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു. മാറിമാറി എവിടേക്കാണ് പോകുന്നത്? അപാരതയിലേക്ക്, അനന്തതയിലേക്ക്, പരമമായ സത്യത്തിലേക്ക്!

ഇന്ദ്രിയഗ്രാഹ്യങ്ങളായ ചരാചരങ്ങൾ മുഴുവൻ ക്ഷണികങ്ങളും പരിവർത്തനാത്മകങ്ങളുമാണെങ്കിൽ ഇന്ദ്രിയങ്ങൾക്കതീതമായ ലോകത്തിൽ അനന്തവും ആനന്ദമയവുമായ ജീവിതത്തിന്റേയും ശാശ്വതമായ സത്യത്തിന്റേയും അടിസ്ഥാനത്തിലുള്ള ഒരു സ്ഥിതിവിശേഷമുണ്ടായിരിക്കണം. ഈ ആശയം ഉപനിഷത്തുക്കളിലെ മഹർഷിമാരെ ആവേശംകൊള്ളിച്ചു. അവർ പ്രാർത്ഥിച്ചു:

‘അസതോ മാ സദ്ഗമയാ,

തമസോ മാ ജ്യോതിർഗമയാ,

മൃത്യോർ മാ അമൃതം ഗമയാ…’ (ബൃഹദാരണ്യകം)

അസത്തിൽ നിന്ന് സത്തിലേക്ക്, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്, മരണത്തിൽ നിന്ന് അമരത്വത്തിലേക്ക്, എന്നെ നയിച്ചാലും!

# 5 ഉപനിഷത്തുക്കളുടെ പ്രാധാന്യം

ഉപനിഷത്തുക്കളുടെ രചയിതാക്കളായ മഹർഷിമാർ ലൗകികകാര്യങ്ങളുമായി ബന്ധമില്ലാത്ത സർവ്വസംഗ പരിത്യാഗികളൊന്നുമായിരുന്നില്ല. അവരിൽ പലർക്കും വമ്പിച്ച സ്വത്തുക്കളുണ്ടായിരുന്നു. സുഖഭോഗങ്ങളെ അവരൊരിക്കലും വെറുത്തിരുന്നില്ല. അവരിൽ ചിലർക്ക് ഒന്നിലധികം ഭാര്യമാരുണ്ടായിരുന്നു. ഉദാഹരണത്തിന്, ഉപനിഷത്തുക്കളിലെ ഏറ്റവും വലിയ ചിന്തകന്മാരിലൊരാളായ യാജ്ഞവൽക്യന്റെ കാര്യമെടുക്കാം. അദ്ദേഹത്തിന് മൈത്രേയി, കാർത്യായനി എന്നിങ്ങനെ രണ്ടു പത്നിമാരുണ്ടായിരുന്നു.

പക്ഷേ, എന്തായാലും, ആ പ്രാചീനചിന്തകന്മാർ മതവിധികളേയോ പൂർവ്വപ്രമാണങ്ങളേയോ അന്ധവിശ്വാസങ്ങളേയോ വകവയ്ക്കാത്ത സത്യാന്വേഷികളായിരുന്നു. യുക്തിയുടെ തണലിലിരുന്നു കൊണ്ട് മനുഷ്യനെപ്പറ്റിയും മനുഷ്യന്റെ ചുറ്റുപാടുകളെപ്പറ്റിയും പ്രപഞ്ചത്തെപ്പറ്റിയും പ്രപഞ്ചത്തിനപ്പുറത്തുണ്ടെന്നു വിശ്വസിക്കപ്പെടുന്ന മറ്റു ശക്തികളെപ്പറ്റിയും അവർ ചിന്തിച്ചു. വിശാലമായ ഭാവനാശക്തിയോടുകൂടി പ്രപഞ്ചരഹസ്യങ്ങളിലേക്കു ചുഴിഞ്ഞിറങ്ങാൻ അവർ ധൈര്യപ്പെട്ടു. ജീവിതത്തിന്റെ അർത്ഥവും അന്തിമലക്ഷ്യവുമെന്തന്നറിയാനുള്ള അടങ്ങാത്ത അഭിനിവേശം, പ്രകൃതിയുടെയും പ്രപഞ്ചത്തിന്റേയും സത്യസ്ഥിതി കണ്ടറിയാനുള്ള തീവ്രാഭിലാഷം — ഇതാണ് ഉപനിഷത്തുക്കളിൽ ഉടനീളം പ്രസ്ഫുരിക്കുന്നത്. ‘ഇന്ത്യയെ കണ്ടെത്തൽ’ എന്ന തന്റെ ഗ്രന്ഥത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എഴുതുന്നു:

‘അന്വേഷണത്തിന്റെ, മാനസികമായ സാഹസോദ്യമത്തിന്റെ, കാര്യങ്ങളുടെ സത്യസ്ഥിതി കണ്ടറിയാനുള്ള തീവ്രാഭിലാഷത്തിന്റെ, ഒരു ചൈതന്യം ഉപനിഷത്തുക്കളിൽ പ്രസ്ഫുരത്തായുണ്ട്. ഈ സത്യത്തെക്കുറിച്ചുള്ള അന്വേഷണം ആധുനികശാസ്ത്രത്തിന്റെ വിഷയനിഷ്ഠ മാർഗ്ഗങ്ങളിലൂടെയായിരുന്നില്ലെന്നത് പറയേണ്ടതില്ല. എങ്കിലും ആ സമീപനക്രമത്തിൽ ശാസ്ത്രീയമാർഗ്ഗത്തിന്റെ ഒരംശമുണ്ട്. പൂർവ്വപ്രമാണങ്ങളൊന്നും വഴിതടയാൻ അനുവദിക്കപ്പെടുന്നില്ല. ഇന്ന് നമ്മുടെ ദൃഷ്ടിയിൽ അർത്ഥമോ സാംഗത്യമോ ഇല്ലാത്തതും നിസ്സാരവുമായതും വളരെക്കാണും. മുഖ്യമായി നിഷ്കർഷിക്കുന്നത് ആത്മസാക്ഷാത്ക്കാരത്തേയാണ്. ജീവാത്മാവിനേയും പരമാത്മാവിനേയും കുറിച്ചുള്ള ജ്ഞാനത്തെ. ഇവ രണ്ടും സാരാംശത്തിൽ ഒന്നുതന്നെയാണല്ലോ. പുറമേ കാണുന്ന ലോകത്തെ അസത്ത് ആയിട്ടല്ല, ആപേക്ഷികമായ സത്തയോടുകൂടിയതായിട്ടാണ് ആന്തരയാഥാർത്ഥ്യത്തിന്റെ ഒരു ഭാവമായിട്ടാണ്, - പരിഗണിക്കുന്നത്.

## 6 ഒരേ ചോദ്യത്തിന് രണ്ടു മറുപടികൾ

കേനോപനിഷത്ത് ആദ്യഭാഗത്തിൽ തന്നെ ഈ ചോദ്യങ്ങളുന്നയിക്കുന്നു:

> ‘ഉദ്ദിഷ്ടവിഷയത്തിലേക്ക് പോകാൻ മനസ്സിനെ പ്രേരിപ്പിക്കുന്നതാരാണ്? ശരീരത്തിനുള്ളിലെ പ്രാണൻ ആരാൽ നിയോഗിക്കപ്പെട്ടുകൊണ്ടാണ് ഉദ്ദിഷ്ടവിഷയത്തിലേക്ക് പോകുന്നത്? ആരുടെ പ്രവർത്തനംകൊണ്ടാണ് ജനങ്ങൾ ഈ വാക്യങ്ങളെല്ലാം ഉച്ചരിക്കുന്നത്? കണ്ണുകളേയും കാതുകളേയും അതതു പ്രവർത്തനങ്ങളിൽ നിയോഗിക്കുന്നത് ഏതു ദേവന്മാരാണ്?’

‘എന്തുകാരണം കൊണ്ടു ബ്രഹ്മം? നമ്മളെവിടെനിന്നു ജനിക്കുന്നു? ജീവിച്ചിരിക്കാൻ കഴിയുന്നതെന്തുകൊണ്ട്?’ എന്നിങ്ങനെയുള്ള ചോദ്യങ്ങളോടുകൂടിയാണ് ശ്വേതാശ്വതരോപനിഷത്ത് ആരംഭിക്കുന്നത്.

മറ്റൊരിടത്തു ചോദിക്കുന്നു:

> ‘ആരുടെ ആജ്ഞയനുസരിച്ചാണ് മനസ്സ് സ്വസ്ഥാനത്തെ പ്രാപിക്കുന്നത്? ആരുടെ കല്പന പ്രകാരമാണ് ജീവൻ വന്നണയുന്നത്? ഏതു ദേവനായിരിക്കണം കണ്ണിനേയും കാതിനേയും നയിച്ചത്?

വീണ്ടുമൊരിടത്ത്:

> ‘എന്തുകൊണ്ട് വായുവിന് ഇളകാതിരുന്നുകൂടാ? മനുഷ്യചിത്തത്തിന് എന്തുകൊണ്ട് വിശ്രമമില്ല? വെള്ളം ഒഴുകിപ്പോകുന്നതും ഒരു നിമിഷനേരത്തേക്കെങ്കിലും ഒഴുക്കുനിർത്താൻ അതിന് കഴിയാതിരിക്കുന്നതും എന്തുകൊണ്ട്?’

ഇത്തരം ചോദ്യങ്ങൾക്ക് ഉപനിഷത്തുക്കളിലെ മഹർഷിമാരെല്ലാവരും ഒരുപോലെയല്ല മറുപടി പറയുന്നത്. വ്യത്യസ്ത മഹർഷിമാരുടെ മറുപടികൾ വ്യത്യസ്തങ്ങളായിരുന്നു. ചിലർ അസത്തിൽ നിന്നാണ് സത്തുണ്ടായതെന്ന് വാദിച്ചപ്പോൾ മറ്റുചിലർ സത്തിൽ നിന്നല്ലാതെ സത്തുണ്ടാവുകയില്ലെന്നു വാദിച്ചു. ചിലർ അദ്വൈതവാദികളായിരുന്നു; മറ്റുചിലർ ദ്വൈതവാദികളും. പ്രത്യക്ഷപ്രപഞ്ചത്തിന്നപ്പുറത്ത് ഒരു ദിവ്യശക്തിയുണ്ടെന്നും, അതാണ് സൃഷ്ടിസ്ഥിതി സംഹാരങ്ങളെ നിയന്ത്രിക്കുന്നതെന്നും ചിലർ വാദിച്ചു; മറ്റുചിലർ അങ്ങനെ യാതൊരു ദിവ്യശക്തിയുമില്ലെന്നുപറഞ്ഞു. ശരീരത്തിൽ നിന്നു സ്വതന്ത്രമായ ഒരു ജീവാത്മാവുണ്ടെന്നും അതിനെ ആശ്രയിച്ചാണ് ശരീരം നിലനിൽക്കുന്നതെന്നും ചിലർ വാദിച്ചപ്പോൾ മറ്റുചിലർ ശരീരത്തിന്റെ ഒരു ഭാഗം മാത്രമാണ് ജീവനെന്നും ശരീരം നശിക്കുന്നതോടൊപ്പം ജീവനും നശിക്കുമെന്നും പറഞ്ഞു. ഭൗതികശക്തികൾ ആത്മീയശക്തിയെ ആശ്രയിച്ചിരിക്കുമെന്ന് ചിലർ വാദിച്ചപ്പോൾ ഭൗതികശക്തിയെ ആശ്രയിച്ചാണ് ആത്മീയശക്തി നിലനിൽക്കുന്നതെന്ന് മറ്റുചിലർ വാദിച്ചു. ഇങ്ങനെ പ്രപഞ്ചത്തേയും മനുഷ്യജീവിതത്തേയും അവ തമ്മിലുള്ള ബന്ധങ്ങളേയും വീക്ഷിക്കുന്ന രീതിയനുസരിച്ച് തത്വചിന്തകന്മാർ രണ്ടായി തരംതിരിഞ്ഞു. ഒന്നാമത്തെ കൂട്ടർ ആത്മീയവാദികളെന്നും രണ്ടാമത്തെ കൂട്ടർ ഭൗതികവാദികളെന്നും അറിയപ്പെടാൻ തുടങ്ങി. എംഗൽസ് തന്റെ ‘ലുഡ്വിഗ് ഫൊയർബേക്ക്’ എന്ന ഗ്രന്ഥത്തിൽ എഴുതുകയുണ്ടായി:

‘എല്ലാ തത്വശാസ്ത്രങ്ങളുടെയും, പ്രത്യേകിച്ചും ആധുനിക തത്വശാസ്ത്രത്തിന്റെ വലുതും അടിസ്ഥാനപരവുമായ പ്രശ്നം ചിന്തയും വസ്തുവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചുള്ളതാണ്. ഏറ്റവും പുരാതനമായ കാലത്ത് മനുഷ്യർ തങ്ങളുടെ ശരീരഘടനയെ സംബന്ധിച്ച് തികച്ചും അജ്ഞരായിരുന്നു. ഉറക്കത്തിലുണ്ടാകുന്ന സ്വപ്നങ്ങളുടെ പ്രചോദനം മൂലം ചിന്തയും ഇന്ദ്രിയാനുഭൂതിയും ശരീരത്തിന്റെ പ്രവർത്തനങ്ങളല്ലെന്നും നേരേമറിച്ച്, ശരീരത്തിൽ കുടിയിരിക്കുകയും മരണസമയത്ത് വിട്ടുപിരിയുകയും ചെയ്യുന്ന വ്യക്തമായ ഒരാത്മാവിന്റെ പ്രവർത്തനങ്ങളാണവയെന്നും അവർ വിശ്വസിച്ചുപോന്നു. ഈ കാലം മുതൽക്കുതന്നെ ആത്മാവും ബാഹ്യലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ചിന്തിക്കുവാൻ മനുഷ്യർ നിർബന്ധിതരായിത്തീർന്നു....

‘ഈ പ്രശ്നത്തിന് തത്വജ്ഞാനികൾ നൽകിയ മറുപടികൾ അവരെ രണ്ടു വലിയ ചേരികളായി തരംതിരിച്ചു. പ്രകൃതിയല്ല, ആത്മാവാണ് പ്രാഥമികമായിട്ടുള്ളതെന്ന് ഉറപ്പിച്ചുപറയുകയും അങ്ങനെ, അവസാനവിശകലനത്തിൽ, ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ ലോകം സൃഷ്ടിക്കപ്പെട്ടവരാണെന്നു വിശ്വസിക്കുകയും ചെയ്യുവർ ആത്മീയവാദികളുടെ ചേരിയിലുൾപ്പെടുന്നു. പ്രകൃതിയാണ് പ്രാഥമികമായിട്ടുള്ളത് എന്നു വിശ്വസിച്ചവരാകട്ടെ, ഭൗതികവാദത്തിന്റെ വിവിധ വിഭാഗങ്ങളിലാണുൾപ്പെടുന്നത്.

ഇങ്ങനെ പ്രാചീനേന്ത്യയിലെ തത്വശാസ്ത്രജ്ഞന്മാർ ആത്മീയവാദികളെന്നും ഭൗതികവാദികളെന്നും രണ്ടായി തരംതിരിഞ്ഞു. ഈ രണ്ടുവിഭാഗക്കാരും തമ്മിലുള്ള സമരത്തിന്റെ ചരിത്രമാണ് ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ ചരിത്രം.

ഉപനിഷത്തുക്കളിൽ ആത്മീയവാദത്തിന്റെയെന്നപോലെ തന്നെ ഭൗതികവാദത്തിന്റെ ചിന്താഗതികളും കാണാം. എന്നാൽ, ആത്മീയവാദമാണ് മുന്നിട്ടു നിൽക്കുന്നത്. പക്ഷേ, രണ്ടായാലും, ബാഹ്യരൂപങ്ങൾ കൊണ്ടു തൃപ്തിപ്പെടാതെ സത്യത്തിന്റെ അടിത്തട്ടിലോളം ആണ്ടിറങ്ങിച്ചെന്ന് പ്രപഞ്ചരഹസ്യങ്ങളെ പരിശോധിക്കാനും വിശകലനം ചെയ്യാനും അവർ കാണിച്ച വെമ്പൽ അത്ഭുതാവഹമത്രേ.

# 7 പ്രപഞ്ചത്തിന്റെ ഉല്പത്തി

ഈശ്വരനെപ്പറ്റി പരസ്പരവിരുദ്ധമായ പല ആശയങ്ങളും ഉപനിഷത്തുക്കളിലടങ്ങിയിട്ടുണ്ട്. ചിലേടത്ത് വസ്തുവിന് ഈശ്വരനിൽ നിന്ന വേറിട്ടുള്ള, സ്വതന്ത്രമായ, നിലനിൽപ്പുണ്ട്. ഈശ്വരൻ സ്രഷ്ടാവല്ല. മറ്റ ചിലേടത്ത് ഈശ്വരനും വസ്തുവിനും വ്യത്യസ്തമായ നിനിൽപ്പുണ്ടെങ്കിലും ഈശ്വരനാണ് സൃഷ്ടി നടത്തിയത്. വേറെ ചിലേടത്ത് ഈശ്വരൻ മാത്രമാണ് സത്യം; സൃഷ്ടി എന്ന ഒന്നില്ല. ചില ഋഷിമാരുടെ അഭിപ്രായത്തിൽ ഈശ്വരനാണ് പ്രാണൻ, ഈശ്വരനാണ് വാക്യം, ഈശ്വരനാണ് എല്ലാം. മണൽത്തരി മുതൽ സൂര്യൻവരെയുള്ള എല്ലാറ്റിലും ഈശ്വരൻ വിരാജിക്കുന്നു.

സൃഷ്ടിയെ സംബന്ധിച്ചും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്; ആത്മീയവാദപരവും ഭൗതികവാദപരവുമായ വീക്ഷണഗതികളുണ്ട്.

ഛന്ദോഗ്യോപനിഷത്തു പറയുന്നു:

> 'സുഹൃത്തുക്കളെ, ആദ്യം അത് അദ്വതീയമായ ഒരു ഭാവരൂപം മാത്രമായിരുന്നു. എന്നാൽ അദ്വതീയമായ അഭാവരൂപമെന്ന നിലയ്ക്കും ചിലരതിനെ വ്യാഖ്യാനിച്ചിട്ടുണ്ട്. അങ്ങനെ അസത്തിൽ നിന്ന സത്തുണ്ടായി. എന്നാൽ അതെങ്ങനെ സംഭവ്യമാണ്? അസത്തിൽ നിന്ന സത്തുണ്ടാകുന്നതെങ്ങനെയാണ്? അതിനാൽ ആദ്യമത് അദ്വതീയമായ ഭാവരൂപം മാത്രമായിരുന്നിരിക്കണം. അത് ഇച്ഛിച്ചു, ഞാൻ ബഹുരൂപമായിത്തീരട്ടെ എന്ന്. അത് അഗ്നിയെ സൃഷ്ടിച്ചു. അഗ്നി ഇച്ഛിച്ചു... അത് ജലത്തെ സൃഷ്ടിച്ചു... ജലം അന്നത്തെ സൃഷ്ടിച്ചു'.

തൈത്തരീയോപനിഷത്തു പറയുന്നു:

> 'ആത്മാവിൽനിന്ന് ആകാശം ഉത്ഭവിച്ചു. ആകാശത്തിൽ നിന്ന് വായു: വായുവിൽ നിന്ന് അഗ്നി, അഗ്നിയിൽ നിന്ന് ജലം, ജലത്തിൽ നിന്ന് ഭൂമി, ഭൂമിയിൽ നിന്ന് ഔഷധി, ഔഷധിയിൽ നിന്ന് അന്നം, അന്നത്തിൽ നിന്ന് മനുഷ്യൻ, മനുഷ്യൻ അന്നമയനാണ്'.

ആദ്യമുണ്ടായിരുന്നത് ഒരു നീഹാരപുഞ്ജം മാത്രമായിരുന്നുവെന്നും അതിൽ നിന്ന് പുകയുണ്ടായെന്നും പുകയിൽ നിന്ന സൂര്യൻ, വായു, അഗ്നി മുതലായവയെല്ലാമുണ്ടായതെന്നും ശ്വേതാശ്വതരോപനിഷത്തു പറയുന്നു.

ബൃഹദാരണ്യകോപനിഷത്തു പറയുന്നു;

'നവേഹകിഞ്ചനാഗ്രഅസീന്മൃത്യു നൈവേദ്യമവൃതമാസീത്', അതായത്, ഇവിടെ ആരംഭത്തിൽ യാതൊന്നുമുണ്ടായിരുന്നില്ല. ബുഭുക്ഷാരൂപമായ മൃത്യുവാൽ എല്ലാം ആവൃതമായിരുന്നു.

ആത്മാവിൽ നിന്നോ ബ്രഹ്മത്തിൽ നിന്നോ ആണ് ജഗത്തിന്റെ ഉൽപ്പത്തി എന്ന വിശ്വസിക്കാത്ത ചില ഋഷിമാരെങ്കിലും ഉണ്ടായിരുന്നുവെന്നാണിതു കാണിക്കുന്നത്. ആദ്യം മൃത്യ അല്ലെങ്കിൽ ജഡം; ജഡത്തിൽനിന്ന മനസ്സും ചൈതന്യവുമുണ്ടായി. മൃത്യുവിന്റെ മൃത്യ (അഭാവത്തിന്റെ അഭാവം, അല്ലെങ്കിൽ നിഷേധത്തിന്റെ നിഷേധം) ഇങ്ങനെയാണ് ജഡത്തിൽ നിന്ന ജീവനുണ്ടായത്. ചൈതന്യത്തിന്റെ അഭാവമാണല്ലോ ജഡം. ആ അഭാവത്തിന്റെ അഭാവത്തിൽനിന്നാണ് ചൈതന്യമുണ്ടായത്. അങ്ങനെയാണെങ്കിൽപ്പിന്നെ സർവചരാചരങ്ങളേയും സൃഷ്ടിക്കുകയും കാത്തുരക്ഷിക്കുകയും ഒടുവിൽ സംഗ്രഹിക്കുകയും ചെയ്യുന്ന ഒരീശ്വരന് സ്ഥാനമെവിടെ?

പക്ഷേ, ഭൗതികവാദപരമായ ഇത്തരം പ്രവണതകൾ ഉപനിഷത്തുക്കളിൽ വളരെ ദുർലഭമായിട്ടേ കാണപ്പെടുന്നുള്ളൂ. ബാഹ്യപ്രപഞ്ചത്തിന്റെ മൂലകാരണമന്വേഷിക്കാൻ തുടങ്ങിയ പല ഋഷിമാരും ഒടുവിൽ ചെന്നെത്തിയത് സ്വന്തം ഹൃദയാന്തർഭാഗങ്ങളിലാണ്. എന്നുവെച്ചാൽ അവർ അന്തർദൃക്കുകളായിമാറി.

എന്താണ് മൂലകാരണം? ഭൗതികാടിസ്ഥാനത്തിലുള്ള യാതൊരു തത്വം കൊണ്ടും ഈ ചോദ്യത്തിന് തൃപ്തികരമായ മറുപടി പറയുവാൻ കഴിയില്ലെന്ന് പല ഋഷിമാരും ഉറപ്പിച്ചുപറഞ്ഞു. കാലം, സ്വഭാവം, നിയതി, യദൃച്ഛ, ഭൂതം, യോനി, പുരുഷൻ മുതലായവയൊന്നും മൂലകാരണങ്ങളല്ലെന്നും ഇവയ്ക്കെല്ലാമുപരിയായി ദേവന്റെ ആത്മശക്തി ഒളിഞ്ഞിരിക്കുന്നുവെന്നും ശ്വേതാശ്വതരോപനിഷത്തു പ്രഖ്യാപിക്കുന്നു. ഈ ആത്മശക്തിയാണ് അചേതനങ്ങളും സചേതനങ്ങളുമായ എല്ലാ വസ്തുക്കളുടെയും മൂലകാരണം.

അഗ്നി, ജലം, ഭൂമി എന്നിങ്ങനെ മൂന്നു ഭൂതങ്ങളുണ്ടെന്നു ഛന്ദോഗ്യോപനിഷത്തു പറയുന്നു. തൈത്തരീയോപനിഷത്തിന്റെ അഭിപ്രായത്തിൽ ആകാശം, വായു, അഗ്നി, ജലം, പൃഥ്വി എന്നിങ്ങനെ അഞ്ചു ഭൂതങ്ങളുണ്ട്. എന്നാൽ ഈ ഭൗതികഘടകങ്ങളൊന്നും തന്നെ മൂലകാരണമല്ല. മൂലകാരണം കണ്ടുപിടിക്കണമെങ്കിൽ ആത്മാവെന്താണെന്ന മനസ്സിലാക്കണം.

## 8 ആത്മാവ് എന്നാൽ

ആത്മാവ് എന്നുവെച്ചാലെന്താണ്?

ആദ്യകാലത്ത് ആത്മാവ് എന്ന വാക്കിന് പ്രാണൻ അല്ലെങ്കിൽ ശ്വാസം എന്നു മാത്രമായിരുന്നു അർത്ഥം. പിന്നീടത് ശരീരവുമായി നേരിട്ടു ബന്ധമില്ലെങ്കിൽ പോലും നിലനിൽക്കുന്ന ഒരു ശക്തിവിശേഷമായി വ്യാഖ്യാനിക്കപ്പെടാൻ തുടങ്ങി.

നമ്മളെല്ലാവരും ആശയവിനിമയം ചെയ്യുമ്പോൾ ‘ഞാൻ’ ‘എന്റെ’ എന്നിങ്ങനെയുള്ള വാക്കുകളുപയോഗിക്കാറുണ്ടല്ലോ. എന്താണീ ‘ഞാൻ’? കൈയാണോ? അല്ല, ‘എന്റെ’ കൈ മുറിഞ്ഞുപോയാലും ‘ഞാൻ’ നിലനിൽക്കും. അതുകൊണ്ട് എന്റെ അവയവങ്ങൾ ഞാനാവുകയില്ല. ശരീരമാണോ? ശരീരവുമല്ല. എന്റെ ശരീരം നശിച്ചാലും ഞാൻ നിലനിൽക്കും. ആ ‘ഞാനാ’ണ് സത്യമായിട്ടുള്ളത്. അതാണാത്മാവ്.

ആത്മാവിനെപ്പറ്റിയുള്ള ജ്ഞാനം നേടാൻവേണ്ടി ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴുമുള്ള മനുഷ്യന്റെ അവസ്ഥാഭേദങ്ങളെ ഋഷിമാർ പരിശോധിച്ചു. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി, തുരീയം എന്നിങ്ങനെ നാലവസ്ഥകളുണ്ട്. ജാഗ്രതാവസ്ഥയിൽ ജ്ഞാനേന്ദ്രിയങ്ങൾ, കർമേന്ദ്രിയങ്ങൾ, അന്തഃകരണം മുതലായവയെല്ലാം പ്രവർത്തിക്കുന്നു. സ്വപ്നാവസ്ഥ പ്രതിച്ഛായയുടെ ഒരു ലോകമാണ്. അന്തഃകരണം മാത്രമേ ഇവിടെ പ്രവർത്തിക്കുന്നുള്ളൂ. സ്വപ്നങ്ങൾക്കുപോലും സ്ഥാനമില്ലാത്ത ഗാഢനിദ്രയാണു സുഷുപ്തി. സ്വപ്നരഹിതമായ ഗാഢനിദ്രയിൽ ബാഹ്യലോകത്തെപ്പറ്റിയുള്ള യാതൊരു ജ്ഞാനവുമില്ല. ആനന്ദകരമായ ഒരു സവിശേഷശക്തി മാത്രമേ അവിടെ പ്രവർത്തിക്കുന്നുള്ളൂ. നാലാമത്തെ അവസ്ഥയാണ് തുരീയം എന്നുപറയുന്നത്. മറ്റു മൂന്നവസ്ഥകളിൽ നിന്നപ്പുറമുള്ള തുരീയാവസ്ഥയിൽ ജീവചൈതന്യം മാത്രമേയുള്ളൂ. അതാണ് ആത്മാവിന്റെ സഹജമായ അവസ്ഥാവിശേഷം.

ചില മഹർഷിമാരുടെ അഭിപ്രായത്തിൽ ശരീരത്തോടൊപ്പം ജനിക്കുന്ന ഒന്നല്ല ആത്മാവ്, ശരീരത്തോടൊപ്പം അതു നശിക്കുകയുമില്ല. കൗശീതകി പറയുന്നു:

‘ബുദ്ധിയുള്ളത് (അതായത്, ആത്മാവ്) ജനിച്ചതല്ല. അതു മരിക്കുകയുമില്ല. അത് എവിടെനിന്നും വന്നതല്ല; അത് ആരുമാകുന്നില്ല. ജനിക്കാത്ത, സ്ഥിരമായ, ശാശ്വതമായ, മൗലികമായ ആത്മാവ് കൊല്ലപ്പെടുന്നില്ല — ശരീരം കൊല്ലപ്പെട്ടാലും.’

ഭഗവത്ഗീതയിലെ ‘നൈനം ഛിന്ദന്തി ശസ്ത്രാണി, നൈനം ദഹതി പാവക:’ എന്നും മറ്റുമുള്ള ശ്ലോകങ്ങളിൽ ഇതേ ആശയം തന്നെയാണോ വർത്തിച്ചിട്ടുള്ളത്. ബൃഹദാരണ്യകോപനിഷത്തിൽ ജനകൻ യാജ്ഞവൽക്യനോടു ചോദിക്കുന്നു:

‘യാജ്ഞവൽക്യ, സൂര്യൻ അസ്തമിച്ചാൽ, ചന്ദ്രൻ അസ്തമിച്ചാൽ, തീ കെട്ടുപോയാൽ, ശബ്ദം നിരുദ്ധമായാൽ… അത്തരമൊരവസ്ഥയിൽ ഏതു വെളിച്ചമാണ് മനുഷ്യനെ സഹായിക്കുക?’

യാജ്ഞവൽക്യന്റെ മറുപടി:

> ‘അപ്പോൾ ആത്മാവ് അവന്റെ ജ്യോതിസ്സായിരിക്കും. ആത്മജ്യോതിസ്സിന്റെ സഹായത്തോടുകൂടിയാണ് അവൻ ജനിക്കുന്നത്, നടക്കുന്നത്, പ്രവർത്തിക്കുന്നത്, ചുറ്റിത്തിരിയുന്നത്’.

ജനകൻ വീണ്ടും ചോദിക്കുന്നു:

> ‘ആത്മാവ് എന്നുവെച്ചാൽ എന്താണ്?’

മറുപടി:

> ‘ബുദ്ധിക്കകത്തുള്ള ജ്യോതിസ്സാണത്. ബുദ്ധി, മനസ്സ്, പ്രാണൻ, ഇന്ദ്രിയങ്ങൾ മുതലായവയെ സചേതനങ്ങളാക്കുന്നത് യാതൊന്നാണോ, ഇഹലോകത്തിൽ വിഹരിക്കുക, ചലിക്കുക, ചിന്തിക്കുക, സ്വപ്നം കാണുക എന്നിങ്ങനെയുള്ള അവിദ്യയുടെ പരിണാമസ്വരൂപമായി ജാഗ്രതാവസ്ഥയിലുള്ള ജഗത്തിനെ അതിലംഘിച്ചു നിൽക്കുന്നത് യാതൊന്നാണോ അതുതന്നെയാണ് ആത്മാവ്’.

ചരാചരങ്ങളെയെല്ലാം ആന്തരികമായി നിയന്ത്രിക്കുന്ന ശക്തിയേതെന്ന് ഉദ്ദാളകൻ യാജ്ഞവൽക്യനോടു ചോദിക്കുന്നു. യാജ്ഞവൽക്യൻ മറുപടി പറയുന്നതിങ്ങനെയാണ്:

‘എല്ലാ വസ്തുക്കളിലും ജീവിക്കുകയും അതേ സമയത്തുതന്നെ എല്ലാ വസ്തുക്കളിൽ നിന്നും അതീതമായിരിക്കുകയും ചെയ്യുന്നത് യാതൊന്നാണോ, യാതൊന്നിനെ എല്ലാ വസ്തുക്കൾക്കും മനസ്സിലാക്കാൻ കഴിയുന്നില്ലയോ, എല്ലാ വസ്തുക്കളും യാതൊന്നിന്റെ ശരീരമാണോ, ഉള്ളിൽനിന്ന് എല്ലാ വസ്തുക്കളേയും നിയന്ത്രിക്കുന്നത് യാതൊന്നാണോ അതു നിന്റെ ആത്മാവാണ്. അത് അനശ്വരമത്രേ’.

ഉദ്ദാളകൻ തന്റെ പുത്രനായ ശ്വേതകേതുവിനു പഠിപ്പിച്ചുകൊടുക്കുന്നു:

> ‘സമസ്തപദാർത്ഥങ്ങളുടെയും സാരസ്വരൂപമായിട്ടുള്ളത് യാതൊന്നാണോ, അതാണ് സത്യം. അതാണ് ആത്മാവ്. ഹേ, ശ്വേതകേതു, അതു നീയാണ്!’.

## 9 അഹം ബ്രഹ്മാസ്മി

വ്യക്തിയുടെ ആത്മാവിന് ജീവാത്മാവ് എന്നുപറയുന്നു. ചില മഹർഷിമാരുടെ അഭിപ്രായത്തിൽ വ്യക്തിയുടെ ആത്മാവായ ജീവാത്മാവും പ്രപഞ്ചത്തിന്റെയാകെ ആത്മാവായ പരമാത്മാവും വ്യത്യസ്തമല്ല; രണ്ടും ഒന്നു തന്നെയാണ്. കേവലമായ പരമാത്മാവാണ് ബ്രഹ്മം.

ബ്രഹ്മം എന്ന വാക്കിന് എല്ലാ കാലത്തും ഒരേ അർത്ഥമല്ല കല്പിക്കപ്പെട്ടുപോന്നിട്ടുള്ളത്. 'പ്രധാനപ്പെട്ട ഉപനിഷത്തുക്കൾ' എന്ന തന്റെ പുസ്തകത്തിൽ ഡോ. രാധാകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നു:

'ബ്രാഹ്മണങ്ങളിൽ ബ്രഹ്മം മതച്ചടങ്ങുകളേയാണ് പ്രതിനിധീകരിച്ചത്. അതുകൊണ്ട് അത് സർവ്വശക്തമായി കണക്കാക്കപ്പെട്ടു. 'ബ്രഹ്മ'ത്തെ അറിയുന്നവൻ പ്രപഞ്ചത്തെ അറിയുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ബ്രഹ്മം, പരമമായ തത്വവും പ്രപഞ്ചത്തെ നയിക്കുന്ന ശക്തിയുമായിത്തീരുന്നു. ബ്രഹ്മത്തേക്കാൾ പ്രാചീനമോ പ്രകാശമയമോ ആയ യാതൊന്നുമില്ല.' (ശതപഥബ്രാഹ്മണം).

പിന്നീടുള്ള ചിന്തകളിൽ ബ്രഹ്മം എന്നതിനു ജ്ഞാനം അല്ലെങ്കിൽ വേദം എന്നർത്ഥമായിത്തീർന്നു. വേദത്തിന് അതായത് ബ്രഹ്മത്തിന് ദിവ്യതയർപ്പിക്കപ്പെട്ടതുകൊണ്ട് രണ്ടു വാക്കുകളും ഒരേ അർത്ഥത്തിലാണുപയോഗിക്കപ്പെട്ടത്. ബ്രഹ്മം അല്ലെങ്കിൽ പവിത്രജ്ഞാനമാണ് ആദ്യമായി സൃഷ്ടിക്കപ്പെട്ട വസ്തു. (ബ്രഹ്മപ്രഥമജം) എന്നു കരുതപ്പെടാൻ തുടങ്ങി. എന്നല്ല, അതു സൃഷ്ടിതത്വമായി, സർവ്വചരാചരങ്ങളുടെയും നിലനില്പിനുള്ള കാരണമായി കണക്കാക്കപ്പെടാനും തുടങ്ങി. മനുഷ്യന്റെ അഭിവാഞ്ഛനിറഞ്ഞ ആത്മാവും അതു നേടാൻ ആഗ്രഹിക്കുന്ന പ്രപഞ്ചത്തിന്റെ ആത്മാവും തമ്മിലുള്ള അടിസ്ഥാനപരമായ ബന്ധത്തെയാണ് ഈ വാക്കു കുറിക്കുന്നത്.

'ബ്രഹ്മം അസത്യമെന്നു വാദിക്കുന്നവൻ താൻ തന്നെയില്ലെന്നു വാദിക്കുന്നവനാണ്' എന്നു തൈത്തരീയം പറയുന്നു. പക്ഷേ, എന്തോന്നാണീ ബ്രഹ്മം? ഈ ചോദ്യത്തിനു പല മഹർഷിമാരും പലതരത്തിലാണ് മറുപടി പറയുന്നത്. തൈത്തരീയോപനിഷത്തു പറയുന്നു:

'ഈ ജീവജാലങ്ങളെല്ലാം ഉത്ഭവിച്ചത് യാതൊന്നിൽ നിന്നാണോ, ജനിച്ചവയെല്ലാം യാതൊന്നിന്റെ സഹായത്തോടുകൂടിയാണോ ജീവിക്കുന്നത്, പ്രളയകാലത്തിൽ യാതൊന്നിലേക്കാണോ തിരിച്ചുപോകുന്നത്, അതിനെ സവിശേഷമായി മനസ്സിലാക്കാൻ ശ്രമിക്കുക. അതുതന്നെയാണ് ബ്രഹ്മം'.

ഛാന്ദോഗ്യോപനിഷത്തിൽ പറയുന്നു:

> 'എല്ലാ ജീവജാലങ്ങളുടെയും രാജാവാണ് ആത്മാവ് അല്ലെങ്കിൽ ബ്രഹ്മം. രഥചക്രത്തിന്റെ അച്ചുതണ്ടിലേക്ക് എല്ലാ ആരങ്ങളും ഘടിപ്പിക്കപ്പെട്ടിട്ടുള്ളതുപോലെ ബ്രഹ്മത്തിൽ സർവ്വഭൂതങ്ങളും ദേവന്മാരും ലോകങ്ങളും ജീവാത്മാക്കളും സമർപ്പിതമായിരിക്കുന്നു'.

തന്റെ പിതാവായ വരുണന്റെ ഉപദേശമനുസരിച്ച് ഭൃഗുമഹർഷി ബ്രഹ്മത്തിന്റെ രൂപമെന്തെന്നു മനസ്സിലാക്കാൻ വേണ്ടി തപസ്സുചെയ്തു. എന്നിട്ട് അന്നബ്രഹ്മം, പ്രാണബ്രഹ്മം, വിജ്ഞാനബ്രഹ്മം, ആനന്ദബ്രഹ്മം എന്നീ രൂപങ്ങളെപ്പറ്റി മനസ്സിലാക്കി. അന്നത്തെ നിന്ദിക്കരുത്. കാരണം അന്നം ബ്രഹ്മമാണ്. അന്നത്തിൽ നിന്നു ജീവൻ, ജീവനിൽ നിന്ന് മനസ്സ്, മനസ്സിൽ നിന്നു വിജ്ഞാനം അല്ലെങ്കിൽ ബുദ്ധി, വിജ്ഞാനത്തിൽ നിന്ന് ആനന്ദം – ഈ വികാസക്രമത്തെയാണ് തൈത്തരീയം വിവരിക്കുന്നത്.

ബൃഹദാരണ്യകോപനിഷത്തിൽ ഇങ്ങനെ പറയുന്നു:

> 'ഞാൻ ബ്രാഹ്മമാണെന്ന് ആരറിയുന്നുവോ അവൻ എല്ലാമായിത്തീരുന്നു. അങ്ങനെ ആയിത്തീരുന്നതിൽ നിന്ന് അവനെ തടുക്കുവാൻ ദൈവങ്ങൾക്കുപോലും സാധ്യമല്ല. കാരണം, അവൻ, ആ ദൈവങ്ങളുടെ ആത്മാവായിത്തീരുന്നു. താനൊന്നും ബ്രഹ്മം മറ്റൊന്നും, ആണെന്നു കരുതിക്കൊണ്ട് സ്വന്തം ആത്മാവിനെയല്ലാതെ മറ്റൊരു ദൈവത്തിനെ പൂജിക്കുന്നവനാരോ അവന് യാതൊന്നുമറിഞ്ഞുകൂടാ. അവൻ ദൈവങ്ങളുടെ കീഴിലുള്ള ഒരു മൃഗത്തിനു സമനാണ്. അനേകം മൃഗങ്ങൾ ഒരു മനുഷ്യനെ സേവിക്കുന്നതുപോലെ ഓരോ മനുഷ്യനും ദൈവങ്ങളെ സേവിക്കുന്നു. ഒരൊറ്റ മൃഗത്തെയെങ്കിലും നീക്കം ചെയ്താൽ അവന് അപ്രിയമാകും. ഈ സ്ഥിതിക്ക് അനേകം മൃഗങ്ങളെ എടുത്തുകളഞ്ഞാലോ? അതുകൊണ്ട് ഈ യാഥാർത്ഥ്യം മനുഷ്യർക്കു മനസ്സിലാകുന്നത് ദൈവങ്ങൾക്കിഷ്ടമല്ല'.

മനുഷ്യാത്മാവുതന്നെയാണ് ബ്രഹ്മമെന്നും മനുഷ്യനിൽ കവിഞ്ഞ മറ്റൊരു ദൈവമില്ലെന്നുമാണ് ഇതിന്റെ പച്ചയായ അർത്ഥം. മാത്രമല്ല, ദൈവങ്ങളെ പൂജിക്കുന്നവൻ വെറും മൃഗത്തിനു തുല്യനാണെന്നും!

ആത്മാവുതന്നെയാണ് ബ്രഹ്മം. ജീവാത്മാവുതന്നെയാണ് പരമാത്മാവ്. നിന്റെ ആത്മാവും സർവ്വചരാചരങ്ങളിലും സ്ഥിതിചെയ്യുന്ന പരമാത്മാവും എല്ലാം ഒന്നുതന്നെയാണ്. എല്ലാം ബ്രഹ്മമയം. ജീവാത്മാവും പരമാത്മാവും രണ്ടും രണ്ടാണെന്നു തോന്നുന്നത് അജ്ഞത കൊണ്ടാണ്. അജ്ഞതയകറ്റുക അപ്പോൾ മനസ്സിലാകും അതു നീയാണെന്ന്, 'തത്വമസി, അഹം ബ്രഹ്മാസ്മി'.

ആത്മാവും ബ്രഹ്മവും തമ്മിലുള്ള ഈ അദ്വൈതഭാവം ഉപനിഷത്തുക്കളിൽ രണ്ടുതരത്തിലാണ് വീക്ഷിക്കപ്പെടുന്നത്. (1) പ്രപഞ്ചത്തിന്റെ മൂലകാരണമാണ് ബ്രഹ്മം. (2) ബ്രഹ്മത്തിന്റെ ഒരു പ്രകടനരൂപം മാത്രമാണ് പ്രപഞ്ചം. ഒന്നാമത്തേതിന് സപ്രപഞ്ചവീക്ഷണ ഗതിയെന്നും രണ്ടാമത്തേതിന് നിഷ്പ്രപഞ്ചവീക്ഷണഗതിയെന്നും പറയുന്നു.

ബ്രഹ്മത്തെപ്പറ്റിയുള്ള ഈ രണ്ടു വീക്ഷണഗതികൾ ലോകത്തെ നോക്കിക്കാണുന്ന രീതിയിലും വ്യത്യാസങ്ങളുണ്ടാക്കിയിട്ടുണ്ട്. ഒന്നാമത്തെ വീക്ഷണഗതിക്കാർ ലോകം ബ്രഹ്മത്തിൽ നിന്നുണ്ടായതാണെന്നു കരുതുന്നു. രണ്ടാമത്തെ കൂട്ടരുടെ അഭിപ്രായത്തിൽ ലോകം ബ്രഹ്മത്തിന്റെ ഒരു പ്രകടനരൂപം മാത്രമാണ്. ബ്രഹ്മം മാത്രമേ യഥാർത്ഥമായിട്ടുള്ളൂ.

മുണ്ഡകോപനിഷത്തു പറയുന്നു:

> 'അമൃതമായ ബ്രഹ്മം തന്നെയാണ് ഇതെല്ലാം. കിഴക്കും പടിഞ്ഞാറും തെക്കും വടക്കും മുകളിലും താഴെയും ബ്രഹ്മം തന്നെയാണ്. സർവശ്രേഷ്ഠമായ ബ്രഹ്മം മാത്രമാണ് ഈ ദൃശ്യമായ ജഗത്.'

'സർവം ഖല്വിദം ബ്രഹ്മ' (ഈ ലോകം മുഴുവനും ബ്രഹ്മമാണ്) എന്ന് ഛാന്ദോഗ്യോപനിഷത്ത് പറയുന്നു.

## 10 ജീവിതത്തോടുള്ള അഭിനിവേശം

പ്രപഞ്ചവും സർവ്വചരാചരങ്ങളും ബ്രഹ്മമാണെന്നു പറയുന്നതിന്റെ അർത്ഥം ഇതെല്ലാം ഏതെങ്കിലുമൊരു ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവയാണ് എന്നല്ല.; പ്രപഞ്ചത്തിന്റെ ഭൗതികത്വത്തെ അംഗീകരിക്കുന്നതോടൊപ്പം ഒന്ന് മറ്റൊന്നിൽ നിന്ന് പരിണമിച്ചുണ്ടായതാണ് എന്നുകൂടി ഉപനിഷത്തിലെ മഹർഷിമാർ ചൂണ്ടിക്കാണിച്ചു. തേജസ്സിൽ നിന്ന് ജലം, ജലത്തിൽ നിന്ന് അന്നം, ഇങ്ങനെ കാര്യകാരണബന്ധങ്ങളോടുകൂടി ഒന്നു മറ്റൊന്നിൽ നിന്ന് ഉത്ഭവിക്കുകയും ഒന്നു മറ്റൊന്നിൽ ലയിക്കുകയും ചെയ്യുന്നു എന്നവർ പ്രഖ്യാപിച്ചു.

ആദ്യം ശൂന്യവും നാമരൂപവിഹീനവുമായ ഒരവസ്ഥ. അതിൽ നിന്ന് ഒന്നിനുശേഷം മറ്റൊന്നായി സർവചരാചരങ്ങളും പരിണമിച്ചുണ്ടാകുന്നു. 'അസദേവേദം അഗ്ര ആസീത്തത് സദാസീത്. തത്സമഭവത്' എന്നു ഛാന്ദോഗ്യം പറയുന്നു.

ഈ പരിണാമക്രമത്തിൽ കൂടുതൽ ഉയർന്ന രൂപങ്ങൾക്കു കൂടുതൽ കൂടുതൽ പ്രാധാന്യം നൽകേണ്ടതെങ്ങനെയെന്ന് ഉപനിഷത്തിലെ മഹർഷിമാർക്കറിയാമായിരുന്നു. ഉദാഹരണത്തിനു കഠോപനിഷത്തു പറയുന്നതു നോക്കുക:

"ആദിസത്തയേക്കാൾ ഉൽകൃഷ്ടമാണ് പ്രകൃതി. പ്രകൃതിയേക്കാൾ ഉൽകൃഷ്ടമാണ് പുരുഷൻ. പുരുഷനേക്കാൾ ഉൽകൃഷ്ടമായി മറ്റൊന്നുമില്ല'.

മനുഷ്യത്വത്തിന്റെ മഹനീയതയാണ് ഇവിടെ ഉൽഘോഷിക്കപ്പെടുന്നത്.

വ്യക്തിയും സമുദായവും തമ്മിലും ജഡവും ജീവനും തമ്മിലും ജീവാത്മാവും പരമാത്മാവും തമ്മിലുമുള്ള ബന്ധങ്ങളെപ്പറ്റിയാണ് ഉപനിഷത്തിലെ മഹർഷിമാർ ചിന്തിക്കുകയും തങ്ങളുടെ ശിഷ്യന്മാരെ ഉപദേശിക്കുകയും ചെയ്തത്. ചിലപ്പോളവർ ആത്മീയവാദികളും അന്തർദൃക്കുകളുമായി കാണപ്പെടുന്നു. ജീവിതത്തിൽ നിന്ന് ഒളിച്ചോടിപ്പോകാൻ മാത്രം സഹായിക്കുന്ന ചിന്തകളുന്നയിക്കുകയും ഉപദേശങ്ങൾ നടത്തുകയും ചെയ്യുന്നു. പക്ഷേ, കൂടുതൽ തെളിഞ്ഞുകാണുന്നതു ജീവിതത്തോടുള്ള അഭിനിവേശവും മനുഷ്യന്റെ കഴിവുകളിലുള്ള വിശ്വാസവുമാണ്. നാമരൂപമയമായ ജഗത്തിന്റെ നിലനിൽപ്പിനെ അവിദ്യയെന്നും മായയെന്നും പറഞ്ഞ് അവർ തള്ളിക്കളയുന്നില്ല. ഭൗതികപ്രപഞ്ചത്തിന്റെ യാഥാർത്ഥ്യങ്ങളെ അവർ അംഗീകരിക്കുന്നു. സർവോപരി, ഭൗതികപ്രപഞ്ചം പരിണാമങ്ങൾക്കു വിധേയമാണെന്നും അവർ പ്രഖ്യാപിക്കുന്നു. □

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10